
LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

കേരള സർക്കാർ

മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

ബജറ്റ് 2026-27



സുസ്ഥിര വികസനം; ജനകീയ പങ്കാളിത്തം

Education | Health | Agriculture | Infrastructure | Environment

Makkaraparamba Grama Panchayat
P.O Makkaraparamba - 676 507
Tel: Office : 04933 282031

smart

മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത്

02-03-2026 തീയതിയിലെ 8/2026 നമ്പർ നോട്ടീസ് പ്രകാരം 06-03-2026 തീയതി 03:30 PM മണിക്ക് പഞ്ചായത്ത് ഹാളിൽ ചേർന്ന മക്കരപറമ്പ് ഗ്രാമ പഞ്ചായത്ത് യോഗത്തിന്റെ പ്രത്യേക യോഗത്തിന്റെ(ബജറ്റ് പരിഗണിക്കൽ) 1/1-ാം നമ്പർ തീരുമാനം

വിഷയം (ഫയൽ നമ്പർ - 1840038-2026)

2026-27 ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം

1. മുൻവർഷ നീക്കിയിരിപ്പും ,തൻവർഷ വരവും ഉൾപ്പടെ 23,83,53,851.00 രൂപ ആകെ വരവും , 11,73,29,960.00 രൂപ ചെലവും ,12,10,23,891.00 രൂപ നീക്കിയിരിപ്പിൽ നിന്ന് 2026-27 വർഷത്തെ പ്രതീക്ഷിത പദ്ധതി ചെലവ് 5,90,36,820.00 രൂപ കിഴിച്ച് 6,19,87,071.00 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന കരട് ബഡ്ജറ്റ് വൈസ് പ്രസിഡന്റ് ശ്രീമതി.ഷബ്ന 05.03.2026 തീയതിയിൽ അവതരിപ്പിച്ചതിൻമേൽ യോഗത്തിൽ ചർച്ച നടന്നു. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് സംബന്ധിച്ച് വ്യക്തത വരുന്ന മുറക്ക് കൃത്യമായ CFC ഫണ്ട് കൂടി ഉൾപ്പെടുത്തി പുതുക്കിയ ബഡ്ജറ്റ് അംഗീകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ട് കൊണ്ട് കെ-സ്മാർട്ട് പ്രകാരമുള്ള കരട് ബഡ്ജറ്റ് യോഗം ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. അംഗീകരിച്ച ബഡ്ജറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ABDURAHIMAN
President

ശരിപകർപ്പ്
സെക്രട്ടറി

Secretary
Makkaraparamba Grama Panchayat
Ph: 04933 282021, Mob: 9496047881

MAKKARAPARAMBA GRAMA PANCHAYAT · PIN: 676 507 ·

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതി



സി പി അബ്ദുറഹിമാൻ
(പ്രസിഡന്റ്)



ഷബ്ന വേങ്ങശ്ശേരി
(വൈസ് പ്രസിഡന്റ്)



ശിവദാസ് പിലാപറമ്പിൽ
(വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻ)



അബ്ദുൽ ബഷീർ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻ)



റഷീദ തയ്യിൽ
(ആരോഗ്യ-വിദ്യാഭ്യാസ കാര്യ
സ്റ്റാന്റിംഗ് കമ്മറ്റി
ചെയർപേഴ്സൺ)



ഹബീബ കരുവള്ളി
വാർഡ് 1



റുക്സാന പി
വാർഡ് 3



റസിയ വെങ്കിട്ട
വാർഡ് 4



ബുസൈർ
വാർഡ് 5



സുൽഫിക്കർ അലി
വാർഡ് 6



സമീറ
വാർഡ് 8



അബ്ദുൽ നാസർ
വാർഡ് 10



സുഹറാബി കാവുങ്ങൽ
വാർഡ് 13



നുസ്റിൻ അല്ലൂർ
വാർഡ് 14



സൈനുൽ ആബിദീൻ
വാർഡ് 15



ജോസഫ് കെ.വി
സെക്രട്ടറി

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് ജീവനക്കാർ



ജോസഫ് കെ വി
(സെക്രട്ടറി)



സജീവ് ആർ
(അസിസ്റ്റന്റ് സെക്രട്ടറി)



രതീഷ് കെ
(ഹെഡ് ക്ലാർക്ക്)



ഷിബ ഇ പി
(അക്കൗണ്ടന്റ്)



ദിവ്യ ഐ
(സീനിയർ ക്ലർക്ക്)



സലിം ആലിക്കൽ
(സീനിയർ ക്ലർക്ക്)



റുമൈസ വി
(സീനിയർ ക്ലർക്ക്)



ചന്ദ്രജിത്ത് പി
(ക്ലർക്ക്)



രാജേഷ് സി
(ക്ലർക്ക്)



നമിത ഭാസ്കരൻ
(ക്ലർക്ക്)



ഷിഫ്ന ഷെറിൻ കെ ടി
(ഓഫിസ് അസിസ്റ്റന്റ്)



സുരേന്ദ്രൻ
(പി ടി എസ്)



അഫ്ഹാൻ എ പി
(ടെക്നിക്കൽ അസിസ്റ്റന്റ്)



അനശ്വര ടി
(പ്രൊജക്റ്റ് അസിസ്റ്റന്റ്)



സഞ്ജയ് ടി
(ഹെൽത്ത് ഇൻസ്പെക്ടർ)



സാഹിറ
(സാക്ഷരത പ്രേരക്)



അതുല്യ
(എസ് സി പ്രൊമോട്ടർ)



മൻസൂർ ബാബു
(ഡ്രൈവർ)



ഹസ്ന പി
(അക്രഡിറ്റഡ്
എഞ്ചിനീയർ)
MGNREGS



സാബിക്ക് വി കെ
(ഓവർസിയർ,
MGNREGS)



അനുരാജ് .എം
(അക്കൗണ്ടന്റ് കം
ഐ. ടി. അസിസ്റ്റന്റ്,
MGNREGS)

ആമുഖം



സി.പി അബ്ദുറഹിമാൻ
പ്രസിഡന്റ്,
മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

പുത്തൻ പ്രതീക്ഷകളുമായി വരുന്ന സാമ്പത്തിക വർഷമായ 2026-27 ലേക്കുള്ള മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഇന്ന് ഇവിടെ അവതരിപ്പിക്കുകയാണ്.

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള മേഖലയിൽ ഊന്നൽ നൽകിയും അടിസ്ഥാനമായ കാർഷിക മേഖലയിലെ സമഗ്രവികസനം ലക്ഷ്യമാക്കിയും ജീവിത സൗകര്യ വികസനത്തിനായി പശ്ചാത്തല മേഖലയിലെ വികസനത്തിനായും, അത്യന്ത്യാപേക്ഷിതമായ പാർപ്പിട, ആരോഗ്യമേഖലയിലും, വിദ്യാഭ്യാസ മേഖലയിലും അതുപോലെ വനിത ശിശുക്ഷേമം, ഭിന്നശേഷിക്കാരുടെ ഉന്നമനം, മാലിന്യ സംസ്ക്കരണം എന്നീ മേഖലകളിലും വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി പദ്ധതികൾ രൂപപ്പെടുത്തി യാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്.

സർക്കാരിൽ നിന്ന് ലഭിക്കുന്ന വികസന ഫണ്ടും, മറ്റ് കേന്ദ്ര- സംസ്ഥാന സർക്കാർ ഫണ്ടുകളും തനത് വരുമാനത്തിന്റെ ഒരു ഭാഗവും തൊഴിലുറപ്പ് പദ്ധതിയിലെ ഫണ്ടും കാര്യക്ഷമമായി വിനിയോഗിക്കുന്നതിനാണ് ഈ ബജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് ആക്കംകൂട്ടുന്ന വിവിധ പദ്ധതികൾ അടങ്ങിയ ഈ ബജറ്റ് അവതരിപ്പിക്കുന്നതിനായി ബഹുമാന്യയായ വൈസ് പ്രസിഡന്റിനെ ക്ഷണിച്ചുകൊള്ളുന്നു.

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

ബജറ്റ് 2026-27

അവതരണം



ഷബ്ന വേങ്ങശ്ശേരി
വൈസ്പ്രസിഡന്റ്
മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

തിയ്യതി 05.03.2026 വ്യാഴം 2:00 PM

ആദരണീയരായ പ്രസിഡണ്ട്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ ഉൾപ്പെടെയുള്ള സഹപ്രവർത്തകർ ഘടകസ്ഥാപനമേധാവികൾ, ഉദ്യോഗസ്ഥർ, മറ്റുജീവനക്കാർ പ്രിയപ്പെട്ട പഞ്ചായത്ത് നിവാസികളെ, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2026/27 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്ന ഈ മഹത്തായ അവസരത്തിൽ ഏറെ അഭിമാനത്തോടെയും ഉത്തരവാദിത്വബോധത്തോടെയും ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നു. 1 ഫെബ്രുവരിൽ 2026ന് മുമ്പല ഏറ്റെടുത്ത വെങ്കിലും ബജറ്റ് എന്നത് ഒരു തുടർ പ്രക്രിയയായതിനാൽ മുൻവർഷങ്ങളിലെ പ്രവർത്തനങ്ങളുടെ തുടർച്ചക്കൊപ്പം കാലാനുസൃതമാറ്റങ്ങളും പുതിയസാധ്യതകളും ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തിന്റെ സമഗ്രമായ വികസനം തന്നെയാണ് ഈ ബജറ്റും ലക്ഷ്യമിടുന്നത്.

കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ, വിശിഷ്യാ ആരോഗ്യ- വിദ്യാഭ്യാസ- കാർഷിക- അടിസ്ഥാന വികസന മേഖലകളിലുണ്ടായിട്ടുള്ള മുന്നേറ്റം ശ്രദ്ധേയമാണ്. എന്നിരുന്നാലും ചില മേഖലകൾക്ക് ഇനിയും ഊന്നൽ നൽകേണ്ടതുണ്ട്. പ്രധാനമായും കുടിവെള്ള മേഖലയിൽ ഇനിയും ശ്രദ്ധചെലുത്തേണ്ടതുണ്ട്.

ഹരിത കർമ്മ സേനയുടെ സഹകരണത്തോടെ വീടുകളിൽ നിന്നും പ്ലാസ്റ്റിക്, റിജക്ടഡ് മാലിന്യങ്ങൾ നിലവിൽ ശേഖരിച്ച് വരുന്നുണ്ട്. ആയതിനാൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്.

മാലിന്യങ്ങൾ കത്തി ക്കുന്നവർ ക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുകയും ഖരമാലിന്യ നിർമാജ്ജന ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ ഫൈൻ ഈടാക്കുകയും ചെയ്യണം. പുതിയതായി ആരംഭിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ശാസ്ത്രീയ മായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനും അവ കൃത്യമായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിൽ ശ്രദ്ധിക്കുകയും വേണം. നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പരാതിലഭിച്ചാൽ ഉടനടിപരിശോധന നടത്തി തുടർ നടപടി സ്വീകരിക്കണം. വ്യാപാരികൾ സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ ടാക്സി/ ഓട്ടോ തൊഴിലാളികൾ പഞ്ചായത്ത് നിവാസികൾ, സന്നദ്ധ സംഘടനകൾ എന്നിവരോടെല്ലാം ചേർന്ന് കൂടിയാലോചനകൾ നടത്തി ഏവർക്കും സ്വീകാര്യമായ പൊതുമാലിന്യ സംസ്കരണ സംവിധാനം ആവിഷ്കരിക്കണം.

വസിക്കാൻ ഒരു വീട് ഏവരുടെയും സ്വപ്നമാണ്. വീടില്ലാത്തവർക്ക് സുരക്ഷിത ഭവനം ഒരുക്കുന്നതിന് സർക്കാർ ലൈഫ് ഭവന പദ്ധതി പ്രഖ്യാപിക്കുകയും അർഹരായ ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ച നൽകുകയും ചെയ്തു വരുന്നുണ്ട്. എന്നാൽ, ഗുണഭോക്താക്കളെ കണ്ടെത്താനുള്ള മാനദണ്ഡത്തിൽ, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരു വ്യക്തിക്ക് വീട് എന്ന മാനദണ്ഡമുള്ളതിനാൽ കൂട്ടുകുടുംബമായി കഴിയുന്ന, വീടിന് അർഹതയുള്ള പലരും ലിസ്റ്റിൽ ഉൾപ്പെടാതെ പോയി. ഇതുവരെ ഈ മാനദണ്ഡത്തിൽ ഇളവ് വരുത്താത്തതിനാൽ ഒട്ടനവധി പേർ ഇപ്പോഴും വീട്

നിർമ്മിക്കാനാവാതെ കഷ്ടപ്പെടുന്നു. ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നാല് ലക്ഷം രൂപയും, വീട് നിർമ്മാണത്തിനുള്ള 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങിക്കുന്നതിന് ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും എസ്.സി വിഭാഗത്തിന് 2.25 ലക്ഷം രൂപയുമാണ് അനുവദിച്ചു വരുന്നത്. ഇതുയും ഉച്ചമായ വിലയ്ക്ക് വീട് നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ പല ഗുണഭോക്താക്കൾക്കും സ്വന്തമായ വീട് എന്ന സ്വപ്നം സാധ്യമാകുന്നില്ല. അതിനാൽ തന്നെ ഓരോ വർഷവും വീട് നിർമ്മിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുന്നുണ്ട്. സർക്കാർ തലത്തിൽ പരിഹാരം കണ്ടാൽ മാത്രമേ ഈ വിഷയത്തിൽ പഞ്ചായത്തുകൾക്ക് ഇടപെടലുകൾ നടത്താൻ സാധിക്കൂ.

ഏതൊരു വികസനത്തിന്റെയും മേന്മയായി ജനങ്ങൾ കണക്കാക്കുന്നത് റോഡ് ഗതാഗതം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ്. കാലങ്ങളായുള്ള വികസനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും മെച്ചപ്പെട്ട നിലയിലാണെങ്കിലും സർക്കാരിൽ നിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജലജീവൻ മിഷൻ പദ്ധതിയും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില റോഡുകൾ പൊളിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ എന്നാൽ ഇത്തരം റോഡുകൾ തൽവർഷം തന്നെ പഴയപടി പുനഃസ്ഥാപിക്കുന്നതിനുള്ള ഫണ്ട് പഞ്ചായത്തിന് ലഭ്യമല്ല. പരമാവധി റോഡുകൾ ഈ സാമ്പത്തിക വർഷം തന്നെ പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുക, നിലവിലുള്ള അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവയെല്ലാം പരമപ്രധാനമാണ്.

2025/26 സാമ്പത്തിക വർഷം മക്കരപ്പറമ്പ് പഞ്ചായത്തിന് അനുവദിക്കേണ്ടിയിരുന്ന ജനറൽ പർപ്പസ് ഫണ്ടിന്റെ 12 ഗഡുക്കളിൽ ഒൻപത് ഗഡുക്കൾ മാത്രമാണ് നാളിതുവരെ അനുവദിച്ചത്. ഇനിയും മൂന്ന് ഗഡുക്കൾ കൂടി അനുവദിക്കേണ്ടതുണ്ട്. ഇത് 32 ലക്ഷത്തി അറുപത്തി ആറായിരത്തി നാന്നൂറ് രൂപയോളം വരും.

മൂന്ന് ഗഡുക്കളായിട്ടാണ് ബജറ്റ് പ്രകാരമുള്ള തുക സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നത്. ഇതിൽ ആദ്യ ഗഡു ഏപ്രിൽ മാസവും, തുടർന്ന് നാലു മാസത്തെ ഇടവേളകളിൽ നൽകി ഡിസംബർ മാസത്തോടെ ഫണ്ട് വിതരണം പൂർത്തിയാക്കുകയുമാണ് ചെയ്യാറുള്ളത്. എന്നാൽ ഇത് സമയക്രമം പാലിച്ചു ലഭ്യമാകാറില്ല.

പ്ലാൻ ഫണ്ട്, എസ്.സി.പി എന്നിവയുടെ രണ്ട് ഗഡുക്കൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് റോഡ്, റോഡിതര ഇനത്തിൽ ഒരു ഗഡുവും. ഇത്തരത്തിൽ ഫണ്ട് ലഭ്യമാകാത്തത് മൂലം യഥാസമയം തുക മാറി

നൽകിയില്ലെങ്കിൽ പദ്ധതികൾ സ്പിൽ ഓവറായി മാറ്റപ്പെടുന്ന സ്ഥിതിയുണ്ടാവുകയും, സ്പിൽ ഓവർ പ്രവർത്തികൾക്കുള്ള തുക അടുത്ത വർഷത്തെ ബജറ്റ് തുകയിൽ നിന്ന് കണ്ടെത്തേണ്ടി വരുന്ന സാഹചര്യമുണ്ടാവുകയും ചെയ്യുന്നു.

പഞ്ചായത്തുകൾക്കായി കേന്ദ്രസർക്കാർ നൽകുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് യഥാസമയം ലഭിക്കുന്നുണ്ടെങ്കിലും ഫണ്ട് വിനിയോഗ നിയന്ത്രണം പദ്ധതി നടത്തിപ്പിനെ ബാധിക്കുന്നു. പഞ്ചായത്തുകളുടെ പ്രാദേശിക സാധ്യത പരിശോധിച്ച് ഫണ്ട് വിനിയോഗം നടത്തുന്നതിന് സ്വാതന്ത്ര്യം നൽകുന്നതിന് പകരം അധികാര കേന്ദ്രീകരണ നയമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്.

മേഖലാ വിഭജനത്തിന് തുക മാറ്റിവെച്ചാൽ പഞ്ചായത്ത് മുൻഗണക്രമം നൽകുന്ന പദ്ധതികൾക്കൊന്നും തുക ലഭ്യമല്ല എന്നതാണ് നിലവിലെ സ്ഥിതി. കുടിവെള്ള വിതരണം, തെരുവ് വിളക്കുകളുടെ പരിപാലനം, ഘടക സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം എന്നിവയെല്ലാം അനിവാര്യ ചുമതലകളായി നിർവഹിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാനം കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ്, എന്നിവ മാത്രമാണ്. കെട്ടിട നികുതി 100 ശതമാനം പിരിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. ആയത് കുടിശ്ശികയില്ലാതെ പിരിച്ചെടുത്തും എല്ലാ സംരംഭങ്ങൾക്കും ലൈസൻസ് അനുവദിച്ചും വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് ബജറ്റ് ലക്ഷ്യമിടുന്നത്.

ബജറ്റിൽ പ്രതിപാദിച്ചിരിക്കുന്ന വകയിരുത്തലുകളുടെ സംക്ഷിപ്തം നിങ്ങളുടെ അറിവിലേക്കായി പരാമർശിക്കുന്നു.

റോഡുകളുടെ പരിപാലനം

റോഡുകളുടെ നിർമ്മാണം പോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് റോഡുകളുടെ പരിപാലനവും. പഞ്ചായത്തിലെ ചില റോഡുകൾ ജലജീവൻ മിഷൻ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിച്ചത് മൂലം ഗതാഗതയോഗ്യമല്ലാതായി തീർന്നിരുന്നു. പ്രസ്തുത റോഡുകൾ ഏകദേശം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. എന്നിരുന്നാലും ഇനിയും പൂർത്തീകരിക്കാനുമുണ്ട്. ഇത്തരത്തിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. അതോടൊപ്പം കേടായ മറ്റ് റോഡുകളും ഗതാഗതയോഗ്യമാക്കും. റോഡുകളുടെ മെയിന്റനൻസായി ലഭിക്കുന്ന ഒരു കോടി 7 ലക്ഷത്തി അറുപതിനായിരം രൂപയും ഇതിനായി വിനിയോഗിക്കും.

അങ്കണവാടികൾ

ഓരോ പ്രദേശത്തിന്റെയും അടിസ്ഥാന വികസനത്തിൽ അങ്കണവാടികൾക്ക് പ്രധാന പങ്കുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള 18 അങ്കണവാടികളിൽ

17 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 1 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. ഇതിനായി സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ഉയർന്ന സ്ഥല വിലയാണ് ഇതിന് തടസ്സം നിൽക്കുന്നത്. ആയത് പരിഹരിക്കുന്നതിന് ശ്രമം നടത്തും. 2,9,13 വാർഡുകളിൽ അങ്കണവാടികൾ നിലവിലില്ല. ഈ വാർഡുകളിൽ കൂടി അങ്കണവാടികൾ അനുവദിച്ച് കിട്ടുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. നിലവിലുള്ള അങ്കണവാടികളുടെ പശ്ചാത്തല സൗകര്യം വികസിപ്പിക്കും. അങ്കണവാടികളിലും ശുദ്ധമായ കുടിവെള്ളം ഉറപ്പവരുത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് മുൻവർഷത്തിൽ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇനിയും ആവശ്യമുള്ള അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കും. ഫർണിച്ചറുകൾ ലഭ്യമല്ലാത്ത മുഴുവൻ അങ്കണവാടികൾക്കും ആയത് ലഭ്യമാക്കും.

കൃഷി

കാർഷിക മേഖലയിലെ വികസനത്തിനായി വാർഷിക പദ്ധതിൽ വിവിധങ്ങളായ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സമഗ്ര നെൽകൃഷി വികസനം, തെങ്ങിന് കുമ്മായം, ക്ഷീകൃഷി പ്രോത്സാഹനം (വനിത), തണ്ണിമത്തൻ കൃഷിക്ക് ധന സഹായം എന്നിവക്കായി 9 ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ ബജറ്റിൽ വകയിരുത്തുന്നു.

ഭിന്നശേഷിക്കാരുടെ ക്ഷേമം

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമം കണക്കിലെടുത്ത് സ്കോളർഷിപ്പ്, കലാ കായിക മേള, ഉല്ലാസയാത്ര എന്നിവയ്ക്ക് പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിവർഷം വലിയ തുക ചെലവഴിക്കുന്നു. കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പുറമെയുള്ള തുകയാണിത്. അതോടൊപ്പം ബഡ്സ് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽ പരിശീലനം നൽകാനും ലക്ഷ്യമിടുന്നു. ഇതിനായി ആവശ്യമുള്ള തുക ബജറ്റിൽ വകയിരുത്തുന്നു.

പട്ടികജാതിക്കാർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം എന്നീ പദ്ധതികൾക്കൊപ്പം, ലൈഫ് ഭവന പദ്ധതി, വീട് റിപ്പയർ എന്നീ പദ്ധതികൾക്ക് കൂടി തുക വകയിരുത്തുന്നു.

വയോജനക്ഷേമ പ്രവർത്തനങ്ങൾ

വയോജനങ്ങളുടെ സന്തോഷവും സമാധാനവും സംരക്ഷിക്കേണ്ടതുണ്ട്. അത് സുഗമമായ മുന്നോട്ടുപോക്കിന് അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സംയുക്ത പദ്ധതിയായ പകൽ വീട് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പഞ്ചായത്തിലെ വയോജനങ്ങൾക്ക് ഒത്തുചേരുന്നതിനായി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് നാറാണത്ത് ചെറു പുഴയുടെ സമീപം വയോജന പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ഒരു പ്രദേശത്തിന്റെ വികസനത്തിൽ അവിടുത്തെ വൃദ്ധജനങ്ങളുടെ ആരോഗ്യത്തിനും സംരക്ഷണത്തിനും നിർണ്ണായകമായ പങ്കുണ്ട്. വയോജനക്ഷേമം മുൻനിർത്തി വയോജനങ്ങൾക്ക് ഉല്ലാസയാത്ര സർക്കാർ അനുവദിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉല്ലാസയാത്ര സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

ആരോഗ്യം

ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം പരമപ്രധാനമാണ്. സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുകളും ആരോഗ്യ ഇൻഷുറൻസ് തുകയും ഇടത്തരം കുടുംബങ്ങൾക്ക് താങ്ങാവുന്നതിലും അപ്പുറമാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന എഫ്.എച്ച്.സി, സബ് സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും വർദ്ധിപ്പിക്കണം.

ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യത പഞ്ചായത്ത് എല്ലാ വർഷവും ഉറപ്പുവരുത്തുന്നുണ്ട്. പി.എച്ച്.സിയുടെ വിപുലീകരണത്തിനായി ഹെൽത്ത് ഗ്രാന്റ് ലഭ്യമായിട്ടുണ്ട്. മെയിൻ സബ് സെന്റർ, സബ് സെന്റർ എന്നിവയുടെ നിർമ്മാണത്തിനായി ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ തുകകൾ കാര്യക്ഷമമായി വിനിയോഗിച്ച് തൻവർഷം തന്നെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

ഒട്ടുമിക്കവരും ഇക്കാലത്ത് ജീവിതശൈലീ രോഗങ്ങളാൽ കഷ്ടപ്പെടുന്നു. ആരോഗ്യപരമായ ഭക്ഷണം, എക്സൈസ് എന്നിവയിലൂടെ രോഗനിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോധവൽക്കരണം നടത്തുകയും, ആരോഗ്യ പരിപാലനത്തിനായി പഞ്ചായത്തിന്റെ പരിധിയിലുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ പൊതുജനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുകയും ചെയ്യും.

മൃഗസംരക്ഷണ പ്രവർത്തനങ്ങൾ

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേകം പ്രതിപാദിക്കുന്ന മേഖലകളിലൊന്നാണ് ക്ഷീരവികസനം. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതിനേക്കാൾ കൂടുതൽ പാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തുകയാണ്. ഇതിന് പരിഹാരമെന്നോണം ഉൽപ്പാദനക്ഷമതയുള്ള കന്നുകുട്ടികളെ വിതരണം ചെയ്യുന്നതിനായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം കറവപ്പശുക്കൾക്ക് ആവശ്യമായ കാലിത്തീറ്റയും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, വൈക്കോൽ സബ്സിഡി, ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത ധന സഹായ പദ്ധതി, തീറ്റപുൽ കൃഷിക്ക് ധന സഹായം എന്നിവയ്ക്കും ആവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്നു.

ജലസ്രോതസ്സുകളുടെ നവീകരണം

ഭാവിയിൽ ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കുടിവെള്ളം തന്നെയായിരിക്കും. അത് മുൻകൂട്ടിക്കണ്ട് ഇപ്പോൾ തന്നെ നമ്മുടെ ജലസ്രോതസ്സുകളെ സംരക്ഷിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ കുളങ്ങൾ, തോട്, ചോല ഉൾപ്പെടെയുള്ള എല്ലാ ജലസ്രോതസ്സുകളും നവീകരിക്കേണ്ടതുണ്ട്. ഇതിലൂടെ ഭാവിയിൽ ഉണ്ടാകാനിടയുള്ള പൊതുസ്ഥല കയ്യേറ്റം ഒഴിവാക്കാനും സാധിക്കും. എം.ജി.എൻ.ആർ.ഇ.ജി.എസ് (MGNREGS) പദ്ധതിയിൽ ഉൾപ്പെടുത്തി ജലസ്രോതസ്സുകളുടെ വികസനം ഉറപ്പാക്കും. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തുകൾക്ക് നിക്ഷിപ്തമായ എല്ലാ ജലസ്രോതസ്സുകളും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ ഭാഗമാക്കും.

കുടിവെള്ള ക്ഷാമം പരിഹരിക്കും

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള ക്ഷാമം പൂർണ്ണമായും പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി തുടക്കമിട്ട ജലജീവൻ മിഷൻ പദ്ധതി . എന്നാൽ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ നമുക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് മങ്കട പഞ്ചായത്തുമായി സഹകരിച്ച് കുടിവെള്ള ടാങ്കിന് സ്ഥലം ലഭ്യമാക്കുകയും ടാങ്കിന്റെ പണി പൂർത്തീകരണ ഘട്ടത്തിലെത്തിയിട്ടുമുണ്ട്. കാലാവസ്ഥാ വ്യതിയാനവും അശാസ്ത്രീയ നിർമ്മാണവും മരങ്ങൾ വെട്ടിമാറ്റിയതും മണ്ണെടുപ്പും എല്ലാം ഭൂഗർഭജലത്തിന്റെ അളവിൽ കുറവ് വരുത്തിയിട്ടുണ്ട്. പ്രകൃതിയെ ശാസ്ത്രീയമായി സംരക്ഷിക്കാത്തിടത്തോളം കാലം ഈ പ്രശ്നം നിലനിൽക്കും.

ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ ചോലകളും കുളങ്ങളും മറ്റ് കുടിവെള്ള സ്രോതസ്സുകളും നവീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ജലസ്രോതസ്സുകൾ ആരെങ്കിലും കയ്യേറിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കുന്നതിന് നടപടിയുണ്ടാകും. ഇതിനായി സർവ്വേ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ സമയബന്ധിതമായി സർവ്വേ നടത്തും.

ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണിക്കും. ഉപേക്ഷിച്ച കുടിവെള്ള പദ്ധതികൾ പുനഃപരിശോധിച്ചു പ്രാപ്യമെങ്കിൽ പുനരുജ്ജീവിപ്പിക്കും. കുടിവെള്ളം പാഴാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കും.

പൊതു കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തും. വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള പ്രശ്നം അനുഭവപ്പെടാറുണ്ട്. പഞ്ചായത്തിന് കീഴിൽ ധാരാളം കുടിവെള്ള പദ്ധതികളുണ്ടെങ്കിലും വേനൽക്കാലത്ത് ഉയർന്ന പ്രദേശത്ത് വെള്ളം ലഭിക്കാറില്ല. മിക്ക വർഷങ്ങളിലും വേനൽക്കാലത്ത് ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്താറാണ് പതിവ്. കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തുക പദ്ധതിൽ ഉൾപ്പെടുത്തും

തെരുവ് വിളക്കുകളുടെ റിപ്പയർ

ധാരാളം ഉൾപ്രദേശങ്ങൾ ഉള്ള പഞ്ചായത്തിൽ ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് തെരുവ് വിളക്കുകൾ നിർബന്ധമാണ്. തെരുവ് വിളക്കുകളുടെ റിപ്പയർ കാര്യക്ഷമമായി നടത്തുന്നതിനായി 3 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു

കോക്ലിയർ ഇമ്പ്ലാന്റേഷൻ

കോക്ലിയർ ഇമ്പ്ലാന്റേഷൻ കഴിഞ്ഞ് ഉപകരണം സ്ഥാപിച്ചവർക്ക് അത് മെയിന്റനൻസ് ചെയ്യുന്നതിന് ഭാരിച്ച തുക ചെലവ് വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ 3 ഗുണഭോക്താക്കളാണ് ഇത്തരത്തിലുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം ഇമ്പ്ലാന്റേഷൻ ഉപകരണത്തിന്റെ മെയിന്റനൻസിനായി ഒരു ഗുണഭോക്താവിന് പ്രതിവർഷം 50,000 രൂപ നിരക്കിൽ സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറുന്നതിന് അനുമതിയുണ്ട്. ഈ ഇനത്തിൽ 1.5 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

എംസിഎഫിന് സ്വന്തമായി കെട്ടിടം

മക്കരപ്പറമ്പ് പഞ്ചായത്തിന്റെ എം.സി.എഫ് കെട്ടിടം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പ്രതിമാസം 3,500 രൂപയോളം വാടക നൽകുന്നുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം മങ്കട ബോക്ക് പഞ്ചായത്തുമായി സഹകരിച്ച് വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ ഷെഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തൻ വർഷത്തിൽ മറ്റ് അടിസ്ഥാന വികസനത്തിനാവശ്യമായ തുക ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും കണ്ടെത്തും.

ഇതിനെല്ലാം പുറമെ വർഷം തോറും നടത്തിവരുന്ന കേരളോത്സവം, അങ്കണവാടി പോഷകാഹാരം, ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അങ്കണവാടി കലോത്സവം, ഭിന്നശേഷി കലാ

കായികത്സവം എന്നിവയ്ക്കെല്ലാം ബജറ്റിൽ അർഹമായ പരിഗണന നൽകിയിട്ടുണ്ട് എന്ന വിവരം ഞാൻ നിങ്ങളെ അറിയിക്കുന്നു.

പ്രിയ സഹപ്രവർത്തകരെ, നമ്മുടെ പഞ്ചായത്ത് 2026-27 സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചില പദ്ധതികളെപ്പറ്റിയാണ് ഞാൻ ഇവിടെ പരാമർശിച്ചത്. ഈ ബജറ്റ് മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ പുരോഗതിയും ജനങ്ങളുടെ ക്ഷേമവും ലക്ഷ്യമിട്ടുള്ള ഒരു ദിശാസൂചികയാണ്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി നേട്ടങ്ങൾ കൈവരിക്കാനുള്ള ഒരു എളിയ ശ്രമമാണ്. പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിക്കുന്ന രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നേരിട്ടല്ലെങ്കിൽ പോലും പഞ്ചായത്തിന്റെ ഗുണഫലങ്ങൾ കിട്ടാത്ത ഒരു വ്യക്തി പോലും ഉണ്ടാകില്ല എന്ന് എനിക്ക് ഉറപ്പുണ്ട്.

മുൻവർഷങ്ങളിൽ നമുക്ക് ലഭിച്ച ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിഞ്ഞു എന്നതിൽ നമുക്ക് അഭിമാനിക്കാം. രാഷ്ട്രീയത്തിനതീതമായി മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നമുക്ക് പ്രവർത്തിക്കാം. ഭരണസമിതിയും ഉദ്യോഗസ്ഥരും ജനങ്ങളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് മക്കരപ്പറമ്പിന്റെ വികസന സ്വപ്നങ്ങൾക്ക് നിറം പകരാം. സുതാര്യവും അഴിമതിരഹിതവുമായ ഭരണത്തിലൂടെ നമ്മുടെ പഞ്ചായത്തിനെ ഒരു മാതൃകാ ഗ്രാമമാക്കി മാറ്റാൻ ഈ ബജറ്റ് സഹായകരമാകട്ടെ.

ബജറ്റിന്റെ ചുരുക്കം

- **മുൻ നീക്കിയിരിപ്പ്:** 3,71,40,766/- രൂപ (മൂന്ന് കോടി എഴുപത്തി ഒന്ന് ലക്ഷത്തി നാൽപതിനായിരത്തി എഴുന്നൂറ്റി അറുപത്തി ആറ് രൂപ)
- **തൻവർഷ വരവ്:** 20,12,13,085.00 രൂപ (ഇരുപത്ത് കോടി പന്ത്രണ്ട് ലക്ഷത്തി പതിമൂന്നായിരത്തി എൺപത്തി അഞ്ച് രൂപ)
- **ആകെ വരവ്:** 23,83,53,851/- രൂപ (ഇരുപത്ത് മൂന്ന് കോടി എൺപത്തി മൂന്ന് ലക്ഷത്തി അൻപത്തി മൂന്നായിരത്തി എണ്ണൂറ്റി അൻപത്തി ഒന്ന് രൂപ)
- **ആകെ ചെലവ്:** 11,73,29,960/- രൂപ (പതിനൊന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അറുപത് രൂപ)
- **2026-27 വർഷത്തെ കെ സ്മാർട്ട് പ്രകാരമുള്ള ക്ലോസിങ് ബാലൻസ്**

  12,10,23,891/-
- **2026-27 വർഷത്തെ പ്രതീക്ഷിത പദ്ധതി ചെലവ്. 5,90,36,820/-**
- **2026-27 വർഷത്തെ പ്രതീക്ഷിത നീക്കി ബാക്കി**

  12,10,23,891 - 5,90,36,820 = 6,19,87,071/-

ഈ ബജറ്റിനു വേണ്ടി സഹകരിച്ച പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്ക് നന്ദി അറിയിക്കുന്നു. സുതാര്യമായി ജനകീയ പങ്കാളിത്തത്തോടെ ഒരു മികച്ച ഭരണപരിപാടി നടപ്പിലാക്കുക എന്നതിലാണ് നമ്മുടെ പ്രതിജ്ഞാബദ്ധത. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ, സംശയങ്ങൾ, ഉപദേശങ്ങൾ എല്ലാം ബജറ്റ് ചർച്ചകളിൽ നിങ്ങൾ ഉറന്ന മനസ്സോടെ പങ്കുവെക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ 2026–27 വാർഷിക ബജറ്റ് നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

നമുക്ക് നമ്മുടെ ഗ്രാമം വികസിപ്പിക്കാൻ കൈകോർത്ത് മുന്നോട്ട് പോകാം. നമ്മുടെ പഞ്ചായത്ത്, നമ്മുടെ അഭിമാനം.

ഷബ്ന. വെങ്ങശ്ശേരി **വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

2026-27 NEW BUDGET

SL NO	HEAD OF ACCOUNTS		BUDGET FOR 2025-2026	BUDGET FOR 2026-2027
	Opening Balance		25320415	37140766
	Tax Revenues - 110			
1	1100101 Property Tax (General)	വസ്തുനികുതി(ജനറൽ)	6000000	6600000
2	1101001 Profession Tax – Employees	തൊഴിൽ നികുതി – ജീവനക്കാർ	2000000	2200000
3	1101002 Profession Tax - Traders/ Institutions	തൊഴിൽ നികുതി – വ്യാപാരികൾ/ സ്ഥാപനങ്ങൾ	1000000	1100000
	Fees and User Charges - 140			
4	1401001 Private Hospital & Paramedical Institutions Registration Fee	സ്വകാര്യ ആശുപത്രി & പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്	2000	2200
5	1401002 Tutorial College Registration Fee	ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീസ്	500	550
6	1401101 License Fees for IFTEOS	IFTEOS-നുള്ള ലൈസൻസ് ഫീസ്	250000	275000
7	1401106 License Fees for Domestic Dogs	വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ്	150	165
8	1401201 Fees for Construction of Buildings	കെട്ടിട നിർമ്മാണ ഫീസ്	1200000	1320000
9	1401204 Permit Fee for Additional FSI	അധിക എഫ്എസ്ഐയ്ക്കുള്ള പെർമിറ്റ് ഫീസ്	500	550
10	1401302 Fees for Delayed Registration - Birth & Death	വൈകിയ രജിസ്ട്രേഷനുള്ള ഫീസ് – ജനന-മരണ രജിസ്ട്രേഷൻ	500	550

11	1401304 Fee for Marriage Registration	വിവാഹ രജിസ്ട്രേഷനുള്ള ഫീസ്	23000	25300
12	1401305 Fee for Non Availability Certificate	നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ്	500	550
13	1401306 Fee for Correction in Registration	രജിസ്ട്രേഷനിൽ തിരുത്തലുകൾക്കുള്ള ഫീസ്	2500	2750
14	1401399 Fees for Other Certificates or Extracts	മറ്റ് സർട്ടിഫിക്കറ്റുകൾക്കോ എക്സ്ട്രാക്ടുകൾക്കോ ഉള്ള ഫീസ്	30000	33000
15	1401401 Fees under RTI Act	വിവരാവകാശ നിയമപ്രകാരമുള്ള ഫീസ്	1000	1100
16	1401701 Regularization Fees	റെഗുലറൈസേഷൻ ഫീസ്	900000	990000
17	1402001 Penal Interest	പിഴ പലിശ	80000	88000
18	1402003 Other Penalities and Fines	മറ്റ് പെനാൽറ്റീസും പിഴകളും	100000	110000
19	1402004 Compounding Fee	കോമ്പൗണ്ടിംഗ് ഫീ	2000	2200
20	1402005 Fine for Dumping Waste	മാലിന്യം തള്ളിയാലുള്ളപിഴ	15000	60000
21	1404002 Notice Fees	നോട്ടീസ് ഫീസ്	3000	3300
22	1404004 Ownership Change Fees - Fine	ഉടമസ്ഥാവകാശ മാറ്റ ഫീസ് – പിഴ	25000	27500
23	1404008 Delayed Registration Fees	കാലതാമസം നേരിട്ട രജിസ്ട്രേഷനുള്ള ഫീസ്	15000	16500
24	1404009 Search Fees	തെരച്ചിൽ ഫീസ്	1000	1100
25	1404099 Other Fees	മറ്റ് ഫീസ്	275000	302500
	Sale and Hire Charges - 150			

26	1501099 Receipts from Sale of Other Products	മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവുകൾ	20000	22000
27	1501102 Receipts from Sale of Tender Forms	ടെൻഡർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവുകൾ	350000	385000
28	1501202 Receipts from Sale of Scrap	സ്ക്രാപ്പ് വിൽപ്പനയിൽ നിന്നുള്ള വരവുകൾ	50000	55000
	Revenue Grants, Contributions and Subsidies - 160			
29	1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers	കർഷകത്തൊഴിലാളികൾ/ തൊഴിലാളികൾക്കുള്ള പെൻഷൻ	3383200	4590000
30	1601012 Fund for Transferred Functions/ Schemes - Widow Pension	വിധവാ പെൻഷൻ	13395900	18900000
31	1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50	50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ	315800	486000
32	1601014 Fund for Transferred Functions/ Schemes - Pension for Differentially Abled	ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	6760500	9342000
33	1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage	വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം	30000	60000
34	1601018 Fund for Transferred Functions/ Schemes - Old Age Pension	വാർദ്ധക്യ പെൻഷൻ	21803900	33750000
35	1601019 Fund for Transferred Functions/ Schemes - National Scheme for Helping Mothers	അമ്മമാരെ സഹായിക്കുന്നതിനുള്ള ദേശീയ പദ്ധതി	1000000	360000

36	1601023 General Purpose Fund	ജനറൽ പർപ്പസ് ഫണ്ട്	13065000	16010132
	Interest Earned - 171			
37	1711001 Interest from Bank Accounts	ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ	550000	605000
	Grants, Contribution for Specific Purposes - 320			
38	3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres	പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഉപകേന്ദ്രങ്ങളെയും ആരോഗ്യ, ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ആരോഗ്യ ഗ്രാന്റ്	790799	0
39	3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs	പിഎച്ച്സികളിലെ രോഗനിർണയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പിന്തുണയിലേക്ക് ആരോഗ്യ ഗ്രാന്റ്.	1193959	0
40	3201003 Grants for Specific Purposes - Health Grant towards buildingless Subcentres, PHCs and CHCs	കെട്ടിടമില്ലാത്ത ഉപകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള ആരോഗ്യ ഗ്രാന്റ്	5550000	0
41	3201004 Central Finance Commission Grant - Tied	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്	7639514	8403465
42	3201005 Central Finance Commission Grant - Untied	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്	4489917	4938909

43	3201020 Integrated Child Development Service	സംയോജിത ശിശു വികസന സേവനം	2400000	2640000
44	3201027 Swaccha Bharat Mission - Grameen	സ്വച്ഛ ഭാരത് മിഷൻ – ഗ്രാമീണ്	2482446	2730691
45	3201044 Mahatma Gandhi National Rural Employment Scheme (MGNREGS)	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്)	5100000	14000000
46	3202001 Development Fund - General	വികസന ഫണ്ട് – ജനറൽ	15134282	21610000
47	3202002 Development Fund - Special Component Plan	വികസന ഫണ്ട് – പ്രത്യേക ഘടക പദ്ധതി	3764000	3776000
48	3202009 Maintenance Fund - Road Assets	മെയിന്റനൻസ് ഫണ്ട് – റോഡ് ആസ്തികൾ	15010534	10760000
49	3202010 Maintenance Fund - Non-Road Assets	മെയിന്റനൻസ് ഫണ്ട് – റോഡ് ഇതര ആസ്തികൾ	4507000	4666000
50	3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission	ലൈഫ് മിഷൻ	2500000	2750000
51	3208010 Beneficiary Contribution	ഗുണഭോക്തൃ സംഭാവന	1091552	1200707
52	3209001 Contribution to Joint Venture Projects from District Panchayat	ജില്ലാ പഞ്ചായത്തിൽ നിന്നുള്ള സംയുക്ത സംരംഭ പദ്ധതികളിലേക്കുള്ള സംഭാവന	3514000	3865400
53	3209002 Contribution to Joint Venture Projects from Block Panchayat	ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സംയുക്ത സംരംഭ പദ്ധതികളിലേക്കുള്ള സംഭാവന	5478475	6026323

	Total Grants, Contribution for Specific Purposes		80646478	87367495
	Secured Loans - 330			
54	3305002 Loan from Financial Institutions	ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ	3700000	0
55	3305003 Loan from K.U.R.D.F.C	കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നുള്ള വായ്പ	0	1200000
	Total Secured Loans		3700000	1200000
	Deposits Received - 340			
56	3401003 Retention	റീടെൻഷൻ	43312	47643
57	3402006 Election Deposit(Candidate)	തിരഞ്ഞെടുപ്പ് നിക്ഷേപം (സ്ഥാനാർത്ഥികളുടെ)	126000	170000
	Redemption - 431			
58	4315002 Receivables from Government (redemption amount)	സർക്കാരിൽ നിന്ന് ലഭിക്കേണ്ടവ (വീണ്ടെടുക്കൽ ഇക)	12428022	0
	Total Redemption		12428022	0
	Loans, Advances and Deposits - 460			
59	4601001 Festival Advance to Employees	ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ്	96000	200000
60	4605003 Advance to Implementing Officers	നിർവഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ ആനുകൂല്യങ്ങൾ	0	500000
61	4605005 Advance to Mahatma Gandhi NREGS/ AUEGS		0	14000000
	Establishment Expenses - 210			
62	2101001 Salaries -Secretary	ശമ്പളം -സെക്രട്ടറി	1800000	2000000
63	2101003 Salaries - Permanent Staff	ശമ്പളം – സ്ഥിരം ജീവനക്കാർ	9600000	13000000
64	2101004 Salaries - Contract Staff	ശമ്പളം – കരാർ ജീവനക്കാർ	1100000	1800000

65	2101007 Salaries - Part time Contingent Staff	പാർട്ട് ടൈം കണ്ടിജന്റ് സ്റ്റാഫ്	300000	500000
66	2101101 Wages	കൂലി	950000	1050000
67	2101201 Bonus	ബോണസ്	20000	20000
68	2102001 Travelling Allowances - Secretary	യാത്രാബത്ത - സെക്രട്ടറി	40000	45000
69	2102003 Travelling Allowances - Permanent Staff	യാത്രാ അലവൻസുകൾ - സ്ഥിരം ജീവനക്കാർ	135000	150000
70	2102014 Monthly Honorarium and Sitting Allowance -Councillors/ Members	പ്രതിമാസ ഓണറേറിയവും സിറ്റിംഗ് അലവൻസും - കൗൺസിലർമാർ / അംഗങ്ങൾ	1775000	3000000
71	2102016 Other Benefits and Allowances	മറ്റ് ആനുകൂല്യങ്ങളും അലവൻസുകളും	50000	50000
72	2102017 Festival Allowance	ഫെസ്റ്റിവൽ അലവൻസ്	69680	75000
73	2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members	ചെയർപേഴ്സൺ/ പ്രസിഡന്റ്, ഡെപ്യൂട്ടി ചെയർപേഴ്സൺ/ വൈസ് പ്രസിഡന്റ്, ചെയർപേഴ്സൺ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാ ചെലവ്	75000	75000
74	2103001 Employer's Contribution to Pension Fund - Regular Employees	പെൻഷൻ ഫണ്ടിലേക്കുള്ള തൊഴിലുടമയുടെ സംഭാവന - സ്ഥിരം ജീവനക്കാർ	1050000	1150000

75	2103002 Employer's Contribution to Pension Fund - Contingent Employees	പെൻഷൻ ഫണ്ടിലേക്കുള്ള തൊഴിലുടമയുടെ സംഭാവന – കണ്ടിജന്റ് ജീവനക്കാർ	50000	55000
76	2103006 Employer's Contribution to NPS - Regular Employees	എൻപിഎസിലേക്കുള്ള തൊഴിലുടമയുടെ സംഭാവന – സ്ഥിരം ജീവനക്കാർ	50000	250000
77	2104001 Terminal Leave Surrender	ടെർമിനൽ ലീവ് സറണ്ടർ	2000000	1500000
	Administrative Expenses - 220			
78	2201001 Rent of Buildings	കെട്ടിടങ്ങളുടെ വാടക	100000	124000
79	2201101 Office Electricity Expenses	ഓഫീസ് വൈദ്യുതി ചെലവുകൾ	130000	150000
80	2201102 Water Charges - Office	വാട്ടർ ചാർജ്ജുകൾ – ഓഫീസ്	30000	35000
81	2201105 Water Charges - LB buildings	വാട്ടർ ചാർജ്ജുകൾ – എൽബി കെട്ടിടങ്ങൾ	0	10000
82	2201199 Other Office Maintenance Expenses	മറ്റ് ഓഫീസ് പരിപാലന ചെലവുകൾ	500000	550000
83	2201201 Telephone Expenses/ Internet Charges	ടെലിഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജ്ജുകൾ	0	20000
84	2201299 Miscellaneous Communication Expenses	വിവിധ ആശയവിനിമയ ചെലവുകൾ	0	50000
85	2202001 Books & Periodicals	പുസ്തകങ്ങളും ആനുകാലികങ്ങളും	100000	110000
86	2202101 Printing & Stationery	പ്രിന്റിംഗ് & സ്റ്റേഷനറി	500000	550000
87	2204001 Insurance	ഇൻഷുറൻസ്	40000	45000
88	2205101 Miscellaneous Legal Expenses	വിവിധ നിയമപരമായ ചെലവുകൾ	110000	120000

89	2205201 Professional & Other Fees	പ്രൊഫഷണലും മറ്റ് ഫീസുകളും	50000	55000
90	2206001 Newspaper Advertisement Charges	പത്ര പരസ്യ നിരക്കുകൾ	100000	150000
91	2206002 Keralolsavam Expenses	കേരളോത്സവം ചെലവുകൾ	0	150000
92	2206101 Membership & Subscriptions	അംഗത്വവും സബ്സ്ക്രിപ്ഷനുകളും	100000	110000
93	2208003 Grama Sabha/ Ward Sabha Expenses	ഗ്രാമസഭ/വാർഡ് സഭാ ചെലവുകൾ	0	25000
94	2208099 Miscellaneous Administration Expenses	വിവിധ ഭരണ ചെലവുകൾ	350000	600000
	Total Administrative Expenses		2110000	2854000
	Operation and Maintenance - 230			
95	2301001 Electricity Charges for Street Lights	തെരുവുവിളക്കുകൾക്കുള്ള വൈദ്യുതി നിരക്കുകൾ	820000	1000000
96	2301002 Fuel Charges	ഇന്ധന ചാർജ്ജുകൾ	225000	250000
97	2304001 Vehicle Hire Charges	വാഹന വാടക നിരക്കുകൾ	0	10000
98	2304099 Other Hire Charges	മറ്റ് വാടക നിരക്കുകൾ	75000	80000
99	2304201 Reward for Reporting Waste Dumping	മാലിന്യ നിക്ഷേപം റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രതിഫലം	0	10000
100	2305003 Repairs & Maintenance - Water Supply	അറ്റകുറ്റപ്പണികളും പരിപാലനവും – ജലവിതരണം	25000	30000
101	2308003 Expenses for Burying Unclaimed Dead bodies	അവകാശപ്പെടാത്ത മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനുള്ള ചെലവുകൾ	0	10000

102	2308005 Expenses relating to collection of Taxes	നികതി പിരിവുമായി ബന്ധപ്പെട്ട ചെലവുകൾ	0	20000
103	2308010 Extra - ordinary Expenses	അധിക – സാധാരണ ചെലവുകൾ	140000	150000
104	2308014 Expenses related to Inaugurations and Ceremonies	ഉദ്ഘാടനങ്ങളും ചടങ്ങുകളുമായി ബന്ധപ്പെട്ട ചെലവുകൾ	0	500000
105	2308101 Post Shifting Charge	പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്	0	10000
106	2308201 Refreshment Charges	റിഫ്രഷ്മെന്റ് ചാർജ്ജുകൾ	0	100000
	Interest and Finance Charges - 240			
107	2407001 Bank Charges	ബാങ്ക് ചാർജ്ജുകൾ	2500	2750
108	2408001 Other Finance Expenses	മറ്റ് സാമ്പത്തിക ചെലവുകൾ	7000	25000
	Programe Expenses - 250			
109	2501001 Election Expenses	തിരഞ്ഞെടുപ്പ് ചെലവുകൾ	500000	250000
110	2502001 Expenditure on Poverty Eradication Program	ദാരിദ്ര്യ നിർമാർജന പരിപാടിക്കുള്ള ചെലവ്	0	14000000
	Expenses Related to Productive Sector - 251			
111	2510101 Agriculture - Paddy	കൃഷി – നെല്ല്	840230	0
112	2510104 Agriculture - Vegetables	കൃഷി – പച്ചക്കറികൾ	89640	0
113	2510105 Agriculture - Plaintane	കൃഷി – പ്ലെയിൻറ്റെയ്ൻ	163350	0
114	2510106 Agriculture - Tubercrops	കൃഷി – കിഴങ്ങുവർഗ്ഗങ്ങൾ	734165	0
115	2510132 Agriculture Related Facilities	കൃഷിയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ	50000	0
116	2510136 Agrarian Disease	കാർഷിക രോഗം	53500	0
117	2510201 Animal Husbandry - Cow	മൃഗസംരക്ഷണം – പശു	1610000	0

118	2510205 Animal Husbandry - Poultry	മൃഗസംരക്ഷണം – കോഴി വളർത്തൽ	1029600	0
119	2510209 Animal Husbandry - Infrastructure	മൃഗസംരക്ഷണം – അടിസ്ഥാന സൗകര്യങ്ങൾ	307600	0
120	2510210 Animal Husbandry - Disease Control	മൃഗസംരക്ഷണം – രോഗ നിയന്ത്രണം	40000	0
121	2510304 Dairy Development - Infrastructure	ക്ഷീര വികസനം – അടിസ്ഥാന സൗകര്യങ്ങൾ	168900	0
122	2510305 Dairy Development - Milk Incentives	ക്ഷീര വികസനം – പാൽ പ്രോത്സാഹനങ്ങൾ	401100	0
123	2511201 Skill Development	നൈപുണ്യ വികസനം	100000	0
	Total Expenses Related to Productive Sector		5588085	0
	Expenses Related to Service Sector - 252			
124	2520102 Primary Education	പ്രാഥമിക വിദ്യാഭ്യാസം	100000	0
125	2520107 Education-Related Activities	വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാഥമിക വിദ്യാഭ്യാസം	925000	0
126	2520109 Encourage Excellence of SC/ ST	പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന്റെ മികവ് പ്രോത്സാഹിപ്പിക്കുക	1200000	0
127	2520111 Contribution towards SSA	എസ്എസ്എയ്ക്കുള്ള സംഭാവന	200000	0
128	2520202 Literacy Equivalance Examination	സാക്ഷരതാ തുല്യതാ പരീക്ഷ	50000	0

129	2520502 Arts,Culture,Sports and Youth Welfare-Infrastructure	കല, സംസ്കാരം, കായികം, യുവജനക്ഷേമം- അടിസ്ഥാന സൗകര്യങ്ങൾ	50000	0
130	2520503 Arts,Culture,Sports and Youth Welfare-Promotion	കല, സംസ്കാരം, കായികം, യുവജനക്ഷേമം- പ്രമോഷൻ	210000	0
131	2520602 Health related Programs	ആരോഗ്യ സംബന്ധിയായ പ്രോഗ്രാമുകൾ	810000	0
132	2520618 Medical Institution - Allopathy	മെഡിക്കൽ സ്ഥാപനം - അലോപ്പതി	2915439	0
133	2520619 Medical Institution - Ayurvedic	മെഡിക്കൽ സ്ഥാപനം - ആയുർവേദ	500000	0
134	2520620 Medical Institution - Homoeo	മെഡിക്കൽ സ്ഥാപനം - ഹോമിയോ	150000	0
135	2520702 Drinking Water - Public	കുടിവെള്ളം - പൊതുവായത്	1872192	0
136	2520801 Housing & House Electrification - Individual	ഭവന & ഭവന വൈദ്യുതീകരണം - വ്യക്തിഗതം	14110000	0
137	2520902 Child Welfare Program	ശിശുക്ഷേമ പരിപാടി	135000	0
138	2520903 Women Welfare	വനിതാ ക്ഷേമം	433000	0
139	2520905 Welfare Programs for the Destitute	ദരിദ്രർക്കായുള്ള ക്ഷേമ പദ്ധതികൾ	100000	0
140	2520906 Welfare Programs for Physically/ Mentally Challenged	ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ	3249000	0

141	2520908 Social Security Programme	സാമൂഹിക സുരക്ഷാ പരിപാടി	1755120	0
142	2521001 Anganwadi Nutrition	അങ്കണവാടി പോഷകാഹാരം	2900000	0
143	2521002 Other Nutrition Distribution Programme	മറ്റ് പോഷകാഹാര വിതരണ പരിപാടി	9000	0
144	2521101 Anganwadi Infrastructure	അംഗൻവാടി അടിസ്ഥാന സൗകര്യങ്ങൾ	2993671	0
145	2521102 Anganwadi Related Services	അംഗൻവാടി അനുബന്ധ സേവനങ്ങൾ	30000	0
146	2521401 Electricity Line Extension	വൈദ്യുതി ലൈൻ വിപുലീകരണം	100000	0
147	2521402 Electricity Line - Transformer - Voltage Improvement	വൈദ്യുതി ലൈൻ – ട്രാൻസ്ഫോർമർ – വോൾട്ടേജ് മെച്ചപ്പെടുത്തൽ	15000	0
148	2521601 Local Government Service Delivery Improvement	തദ്ദേശ സ്വയംഭരണ സേവന വിതരണ മെച്ചപ്പെടുത്തൽ	446940	0
149	2521602 Payments to IKM	ഐ.കെ.എമ്മിലേക്കുള്ള പേയ്മെന്റുകൾ	58045	0
150	2521701 Allied Institution Service Delivery Improvement	അനുബന്ധ സ്ഥാപനങ്ങളുടെ സേവന വിതരണ മെച്ചപ്പെടുത്തൽ	765000	0
151	2521803 Contribution to Mahathma Gandhi NREGS for Wages	കൂലിക്കായി മഹാത്മാഗാന്ധി NREGS–ലേക്കുള്ള സംഭാവന	5100000	0

152	2521902 Sanitation & Waste Management - Public	ശുചിത്വവും മാലിന്യ സംസ്കരണവും – പൊതുജനങ്ങൾ	400000	0
153	2521903 Public Sanitation - Related Activities	പൊതു ശുചിത്വം – അനുബന്ധ പ്രവർത്തനങ്ങൾ	470000	0
154	2522001 Plan Formulation, Implementation and Monitoring	പദ്ധതി രൂപീകരണം, നടപ്പാക്കൽ, നിരീക്ഷണം	417480	0
155	2522201 Disaster Management - Related Services	ദുരന്തനിവാരണ – അനുബന്ധ സേവനങ്ങൾ	50000	0
156	2522303 Solid Waste Management - Preparatory Activities	ഖരമാലിന്യ സംസ്കരണം – തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ	85000	0
157	2522305 Solid Waste Management - Collection and Transportation	ഖരമാലിന്യ സംസ്കരണം – ശേഖരണവും ഗതാഗതവും	24000	0
158	2522310 Solid Waste Management - Disposal	ഖരമാലിന്യ സംസ്കരണം – നിർമാർജനം	1394840	0
159	2522311 Solid Waste Management - Integrated Projects	ഖരമാലിന്യ സംസ്കരണം – സംയോജിത പദ്ധതികൾ	450000	0
160	2522314 Solid Waste Management - Processing Individual	ഖരമാലിന്യ സംസ്കരണം – വ്യക്തിഗത സംസ്കരണം	350673	0
	Expenses Related to Infrastructure Sector - 253			
161	2530102 Office Electrification	ഓഫീസ് വൈദ്യുതീകരണം	8000	0
162	2530201 Roads	റോഡ്സ്	41614	0
163	2530202 Lanes	ലെയ്ൻസ്	948813	0

164	2530302 Public Buildings - Other Buildings	പബ്ലിക്ക് ബിൽഡിംഗ്സ്- അതർ ബിൽഡിംഗ്സ്	424436	0
165	2530402 Other Constructions - Side Walls	മറ്റ് നിർമ്മാണങ്ങൾ - വശങ്ങളിലെ ഭിത്തികൾ	150000	0
166	2530501 Vehicle Rent for Engineering Wing	എഞ്ചിനീയറിംഗ് വിഭാഗത്തിലേക്കുള്ള വാഹന വാടക	144000	0
	Expenses related to State Sponsored Schemes - 254			
167	2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled person	ഭിന്നശേഷിക്കാർക്കായി ഭവനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ	6760500	9342000
168	2540103 Financial help to widows towards marriage expenses of daughters	വിധവകളുടെ പെൺമക്കളുടെ വിവാഹ ചെലവുകൾക്കായി സാമ്പത്തിക സഹായം.	30000	60000
169	2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour	കർഷകത്തൊഴിലാളി/ തൊഴിലാളി പെൻഷൻ	3383200	4590000
170	2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension	വിധവാ പെൻഷൻ	13395900	18900000
171	2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50	50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ	315800	486000
172	2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension	വാർദ്ധക്യ പെൻഷൻ	21803900	33750000

173	2540119 Programmes/ Expenditures of Transferred Functions/ Schemes - National Scheme for Helping Mothers	അമ്മമാരെ സഹായിക്കുന്നതിനുള്ള ദേശീയ പദ്ധതി	1000000	360000
	Total Expenses related to State Sponsored Schemes		46689300	67488000
	Revenue Grants, Cotributions and Subsidies - 260			
174	2602301 Cutting Charges - Dangerous Trees	മുറിക്കൽ നിരക്കുകൾ – അപകടകരമായ മരങ്ങൾ	0	10000
	Total Revenue Grants, Cotributions and Subsidies		0	10000
	Prior Period Items - 280			
175	2808002 Prior Period Expenses - Remittance of Unutilized Grants to Government	മുൻകാല ചെലവുകൾ – ഉപയോഗിക്കാത്ത ഗ്രാന്റുകൾ സർക്കാരിലേക്ക് അയയ്ക്കൽ	0	2000000
	Refund of Deposits - 340			
176	3401001 Earnest Money Deposit	ഏണസ്റ്റ് മണി ഡെപ്പോസിറ്റ്	100000	0
177	3401003 Retention	റീടെൻഷൻ	179996	0
178	3401004 Water Connection - Security Deposit	വാട്ടർ കണക്ഷൻ – സെക്യൂരിറ്റി ഡെപ്പോസിറ്റ്	2065	0
179	3402006 Election Deposit(Candidate)	തിരഞ്ഞെടുപ്പ് നിക്ഷേപം (സ്ഥാനാർത്ഥി)	126000	170000
	Total Refund of Deposits		408061	170000
	Payment of Recoveries - 350			
180	3501102 Net Salary Payable	അടയ്ക്കേണ്ട ശമ്പളം	512962	0
181	3501107 Contribution to Other Pension Fund Payable	മറ്റ് പെൻഷൻ ഫണ്ടിലേക്കുള്ള സംഭാവന	13680	0

182	3501116 Pension Contribution Payable	നൽകേണ്ട പെൻഷൻ സംഭാവന	145402	0
183	3501122 Leave Salary Payable	ലീവ് സാലറി പേയെബിൾ	800000	1000000
184	3501301 Employers Liabilities - Pension Contribution (NPS)	തൊഴിലുടമ ബാധ്യതകൾ – പെൻഷൻ സംഭാവന (NPS) നൽകേണ്ട അവധി ശമ്പളം	3394	0
185	3502001 Recoveries Payable - General Provident Fund	ജനറൽ പ്രൊവിഡൻറ് ഫണ്ട്	54760	0
186	3502002 Recoveries Payable - Kerala Panchayat Employees Provident Fund	കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്	138180	0
187	3502003 Recoveries Payable - Subscription to Provident Fund for Municipal Regular employees	മുനിസിപ്പൽ റെഗുലർ ജീവനക്കാർക്കുള്ള പ്രൊവിഡന്റ് ഫണ്ടിലേക്കുള്ള സബ്സ്ക്രിപ്ഷൻ	17680	0
188	3502006 Recoveries Payable - Insurance Premium	ഇൻഷുറൻസ് പ്രീമിയം	7066	0
189	3502012 Recoveries Payable - State Life Insurance	സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്	19788	0
190	3502014 Recoveries Payable - Group Insurance	ഗ്രൂപ്പ് ഇൻഷുറൻസ്	18400	0
191	3502020 Recoveries Payable - Employee Share NPS	എംപ്ലോയി ഷെയർ എൻ.പി.എസ്	3394	0
192	3502022 Recoveries Payable -Medisep -Regular	മെഡിസെപ് -റെഗുലർ	12000	0
193	3502025 Recoveries Payable - Income Tax Deducted at Source	നൽകേണ്ട റിക്കവറി – സ്രോതസ്സിൽ നിന്ന് ആദായനികുതി കിഴിച്ചത്	57610	0

194	3502030 Recoveries Payable - House Building Advance	നൽകേണ്ട റിക്കവറി – വീട് നിർമ്മാണ അഡ്വാൻസ്	14000	0
195	3502032 Recoveries Payable - NPS Arrear	നൽകേണ്ട റിക്കവറികൾ - NPS കടിശ്ശിക	12092	0
196	3503001 Government and Other Dues Payable - Library Cess Payable	സർക്കാരിനും അടയ്ക്കേണ്ട മറ്റ് കടിശ്ശികകളും – അടയ്ക്കേണ്ട ലൈബ്രറി സെസ്	171037	0
197	3503005 Government and Other Dues Payable-TDS - CGST	സർക്കാരും അടയ്ക്കേണ്ട മറ്റ് കടിശ്ശികകളും-TDS - CGST	7904	0
198	3503006 Government and Other Dues Payable-TDS -	സർക്കാരും അടയ്ക്കേണ്ട മറ്റ് കടിശ്ശികകളും-TDS –	7904	0
199	3503008 Government and Other Dues Payable - CGST	സർക്കാരും നൽകേണ്ട മറ്റ് കടിശ്ശികകളും – CGST	51376	0
200	3503009 Government and Other Dues Payable - SGST	സർക്കാരും നൽകേണ്ട മറ്റ് കടിശ്ശികകളും – SGS	51376	0
201	3504010 Refund Payable - Other Fees	നൽകേണ്ട റീഫണ്ട് – മറ്റ് ഫീസുകൾ	400000	440000
202	3508001 Liability in respect of Stale Cheque	നൽകേണ്ട റീഫണ്ട് – മറ്റ് ഫീസുകൾ	45645	50210
	Fixed Assets - 410			
203	4101008 Public well	പൊതു കിണർ	582000	0
204	4102002 Administrative Buildings	അഡ്മിനിസ്ട്രേറ്റീവ് കെട്ടിടങ്ങൾ	369340	0
205	4102005 Hospital Buildings	ആശുപത്രി കെട്ടിടങ്ങൾ	5550000	0
206	4102008 School Buildings	സ്കൂൾ കെട്ടിടങ്ങൾ	936107	0
207	4102011 Public Comfort Stations	പൊതു കംഫർട്ട് സ്റ്റേഷനുകൾ	35648	0
208	4102016 Other Buildings	മറ്റ് കെട്ടിടങ്ങൾ	2019414	0
209	4102017 Compound Wall	കോമ്പൗണ്ട് മതിൽ	797928	0
210	4103001 Concrete Roads	കോൺക്രീറ്റ് റോഡുകൾ	3668613	0
211	4103002 Black Topped Roads	കറുത്ത ടോപ്പ് റോഡുകൾ	4230071	0

212	4103003 Interlocked Roads	ഇന്റർലോക്ക് ചെയ്ത റോഡുകൾ	872958	0
213	4103004 Footpath	നടപ്പാത	520015	0
214	4103007 Other Roads	മറ്റ് റോഡുകൾ	300000	0
215	4103012 Side Walls	സൈഡ് മതിലുകൾ	2952766	0
216	4103099 Other Constructions	മറ്റ് നിർമ്മാണങ്ങൾ	3093956	0
217	4103102 Drainage	ഡ്രെയിനേജ്	2434213	0
218	4103302 Street Light	സ്ട്രീറ്റ് ലൈറ്റ്	400000	0
219	4104001 Plant & Machinery	പ്ലാൻറ് & മെഷിനറി	2599113	0
220	4106002 Computers, Printers & Peripherals	കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ & അനുബന്ധ ഉപകരണങ്ങൾ	358050	0
221	4107001 Furniture, Fixtures, Fittings & Electrical Appliances	ഫർണിച്ചർ, ഫിക്ചറുകൾ, ഫിറ്റിംഗ്രകൾ & ഇലക്ട്രിക്കൽ ഉപകരണങ്ങൾ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ & അനുബന്ധ ഉപകരണങ്ങൾ	402416	0
222	4108001 Other Fixed Assets	മറ്റ് സ്ഥിര ആസ്തികൾ	684370	0
	Loans, Advances and Deposits - 460			
223	4601001 Festival Advance to Employees	ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ്	96000	200000
224	4605003 Advance to Implementing Officers	ഇംപ്ലിമെൻറിംഗ് ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ ആനുകൂല്യങ്ങൾ	0	500000
225	4605005 Advance to Mahatma Gandhi NREGS/ AUEGS	മഹാത്മാഗാന്ധി NREGS/UGS ലേക്കുള്ള അഡ്വാൻസ്	1300000	1400000

226	4605099 Advance to Others	അഡ്വാൻസ് ടു അതേർഴ്സ്	0	50000

HEAD OF ACCOUNTS		BUDGET FOR 2025-2026	BUDGET FOR 2026-2027
Total Loans, Advances and Deposits	ആകെ വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ	**13,96,000**	**21,50,000**
Total Capital Expenditure	മൊത്തം മൂലധന ചെലവ്	**37176689**	**38,10,210**
Total Expenditure	ആകെ ചെലവ്	**158964517**	**11,73,29,960**
Total Receipts	ആകെ വരവുകൾ	**169690762**	**20,12,13,085**
Balance	ബാലൻസ്	**36046660**	**12,10,23,891**

ബജറ്റിന്റെ ചുരുക്കം

- **മുൻ നീക്കിയിരിപ്പ്:** 3,71,40,766/- രൂപ (മൂന്ന് കോടി എഴുപത്തി ഒന്ന് ലക്ഷത്തി നാൽപതിനായിരത്തി എഴുന്നൂറ്റി അറുപത്തി ആറ് രൂപ)
- **തൻവർഷ വരവ്:** 20,12,13,085.00 രൂപ (ഇരുപത്ത് കോടി പന്ത്രണ്ട് ലക്ഷത്തി പതിമൂന്നായിരത്തി എൺപത്തി അഞ്ച് രൂപ)
- **ആകെ വരവ്:** 23,83,53,851/- രൂപ (ഇരുപത്ത് മൂന്ന് കോടി എൺപത്തി മൂന്ന് ലക്ഷത്തി അൻപത്തി മൂന്നായിരത്തി എണ്ണൂറ്റി അൻപത്തി ഒന്ന് രൂപ)
- **ആകെ ചെലവ്:** 11,73,29,960/- രൂപ (പതിനെന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അറുപത് രൂപ)
- **2026-27 വർഷത്തെ കെ സ്മാർട്ട് പ്രകാരമുള്ള ക്ലോസിങ് ബാലൻസ്**

  12,10,23,891/-
- **2026-27 വർഷത്തെ പ്രതീക്ഷിത പദ്ധതി ചെലവ്. 5,90,36,820/-**
- **2026-27 വർഷത്തെ പ്രതീക്ഷിത നീക്കി ബാക്കി**

  12,10,23,891 - 5,90,36,820 = 6,19,87,071/-